# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)
(ഹാജർ. എൻ പത്മകുമാർ .ഐ.എ.എസ്.)

**എൽ.ആർ.എൻ1/20/2016** **തീയതി. 28-11-2017**

വിഷയം : റവന്യൂ വകുപ്പ് - ചെയിൻ സർവ്വെ പരിശീലനം -2017 ഡിസംബർ - തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങൾ- ജീവനക്കാരെ പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതും നടപടിക്രമം പുനഃ ക്രമീകരിക്കുന്നതും സംബന്ധിച്ച്

സൂചന :
1) ഈ കാര്യാലയത്തിലെ 22-11-2017-ലെ എൽ.ആർ.(എൻ.1)20/2016 നമ്പർ നടപടിക്രമം
2) കൊല്ലം ജില്ലാ കളക്ടറുടെ 28/11/2017 ലെ ഇ4/4750/2017 നമ്പർ ഫോൺ സന്ദേശം.
3) ആലപ്പുഴ ജില്ലാ കളക്ടറുടെ 25/11/2017 ലെ എ3/101/17 നമ്പർ കത്ത്.
4) കോട്ടയം ജില്ലാ കളക്ടറുടെ 28/11/2017 ലെ എ2-436/17 നമ്പർ ഫോൺ സന്ദേശം.
5) തൃശ്ശൂർ ജില്ലാ കളക്ടറുടെ 28/11/2017 ലെ എ2-200/17 നമ്പർ ഫോൺ സന്ദേശം.
6) മലപ്പുറം ജില്ലാ കളക്ടറുടെ 28/11/2017 ലെ എ4/5614/16 നമ്പർ ഫോൺ സന്ദേശം.
7) കണ്ണൂർ ജില്ലാ കളക്ടറുടെ 28/11/2017 ലെ DCKNR/8440/2017/A2 നമ്പർ ഫോൺ സന്ദേശം.
8) കാസർഗോഡ് ജില്ലാ കളക്ടറുടെ 27/11/2017 ലെ എ4-10/17 നമ്പർ ഫോൺ സന്ദേശം.

സൂചന (1) പ്രകാരമുള്ള നടപടിക്രമം പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങളിൽ 01-12-2017 മുതൽ 30-12-2017 വരെ നടക്കുന്ന ചെയിൻ സർവ്വെ പരിശീലനത്തിനായി ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സൂചനകൾ (2) മുതൽ (8) വരെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ശുപാർശകൾ സമർപ്പിച്ചിരുന്നു. ജില്ലാ കളക്ടർമാരുടെ ശുപാർശകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരമുള്ള നടപടിക്രമത്തിലെ, തിരുവനന്തപുരം കേന്ദ്രത്തിലെ 4,6,8,22,28,29 എന്നീ ക്രമ നമ്പരുകളിൽപ്പെട്ട ജീവനക്കാരെയും തൃശ്ശൂർ കേന്ദ്രത്തിലെ 8,10,11,16,18,24,26,28 എന്നീ ക്രമ നമ്പരുകളിൽപ്പെട്ട ജീവനക്കാരെയും അതത് കേന്ദ്രങ്ങളിലെ ചെയിൻ സർവ്വെ പരിശീലനത്തിൽ നിന്നൊഴിവാക്കികൊള്ളുന്നു.

തിരുവനന്തപുരം കേന്ദ്രത്തിൽ ചെയിൻ സർവ്വെ പരിശീലനത്തിന് നിയോഗിച്ച ശ്രീമതി.ശ്രീദേവി കെ. (ക്രമ നമ്പർ 15) എന്നവർ വകുപ്പ് വിട്ട് പോയതിനാലും തൃശ്ശൂർ കേന്ദ്രത്തിൽ പരിശീലനത്തിന് നിയോഗിച്ച ശ്രീ.ഷൈലേഷ് എൻ. (ക്രമ നമ്പർ 14) എന്നവർക്ക്

മുമ്പ് ചെയിൻ സർവെ പരിശീലനം ലഭിച്ചിട്ടുള്ളതിനാലും ടിയാളുകളെ പരിശീലനത്തിൽ നിന്നും ഒഴിവാക്കുന്നു.

സൂചന (6) , (8) പ്രകാരം സർവ്വെ പരിശീലന കേന്ദ്രത്തിൽ മാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരം സർവെ കേന്ദ്രത്തിലേക്ക് നിയോഗിച്ച ശ്രീമതി നീതു പി (ക്രമ നം.30) എന്നവരെ തൃശ്ശൂർ സർവെ കേന്ദ്രത്തിലേക്കും, തൃശ്ശൂർ സർവ്വെ കേന്ദ്രത്തിലേക്ക് നിയോഗിച്ചശ്രീമതി.സുനില കെ.ഒ.വി.(ക്രമ നമ്പർ 30) എന്നവരെ തിരുവനന്തപുരം സർവ്വെ കേന്ദ്രത്തിലേക്കും മാറ്റി നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

2017 ഡിസംബർ മാസത്തിൽ ആരംഭിക്കുന്ന ചെയിൻ സർവ്വെ പരിശീലനം താഴെ പറയും പ്രകാരം പരിഷ്കരിച്ചുത്തരവാകുന്നു.

**<u>തിരുവനന്തപുരം</u>**

| ക്രമ നം. | റിലിങ്കിഷ് ചെയ്തവർ | 22/11/2017 ലെ എൽ.ആർ. എൻ1/20/16 നടപടിക്രമത്തിലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ടവർ | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|---|---|
| 1 | സിന്ധു ബി. | 4 | സുമേഷ് കെ. | വി.എ/ക്ലർക്ക് | ആലപ്പുഴ |
| 2 | വീണ പി. | 6 | സുമ ഇ.ആർ | വി.എ/ക്ലർക്ക് | കോട്ടയം |
| 3 | ഷെറിൻ പി.റ്റി. | 8 | സുനില കെ.ഒ.വി | വി.എ/ക്ലർക്ക് | കാസർഗോഡ് |
| 4 | ശ്രീദേവി കെ. | 15 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 5 | സുജ പി.കെ. | 22 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 6 | ദിവ്യ കെ. | 28 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 7 | സുജിത രാമചന്ദ്രൻ | 29 | -ഇല്ല- | -ഇല്ല- | -ഇല്ല- |

**<u>തൃശ്ശൂർ</u>**

| ക്രമ നം. | റിലിങ്കിഷ് ചെയ്തവർ | 22/11/2017 ലെ എൽ.ആർ. എൻ1/20/16 നടപടിക്രമത്തിലെ ക്രമ.നം. | പകരം നിയോഗിക്കപ്പെട്ടവർ | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|---|---|
| 1 | രഞ്ജുഷ സി. | 8 | നീതു പി. | വി.എ/ക്ലർക്ക് | തൃശ്ശൂർ |
| 2 | ബിനീഷ്കുമാർ ആർ. | 10 | നിധിൻകുമാർ പി.കെ. | വി.എ/ക്ലർക്ക് | തൃശ്ശൂർ |
| 3 | ബീന ഇ. | 11 | പ്രിൻഷ പ്രകാശ് | വി.എ/ക്ലർക്ക് | കണ്ണൂർ |
| 4 | ഷൈലേഷ് എൻ. | 14 | സരിൻ പി. | വി.എ/ക്ലർക്ക് | കണ്ണൂർ |
| 5 | റസീന കെ.റ്റി. | 16 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 6 | സ്വപ്ന എം. | 18 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 7 | ഹരിനാരായണൻ സി. | 23 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 8 | ദീപ്തി സുധീർ നായർ | 24 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 9 | ഇന്ദുഷ സി.എം. | 26 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 10 | നൈഷ കെ. | 27 | -ഇല്ല- | -ഇല്ല- | -ഇല്ല- |
| 11 | നീതുരാഘവൻ | 28 | -ഇല്ല- | -ഇല്ല- | -ഇല്ല- |

പരിശീലനം റിലിങ്ക്വിഷ് ചെയ്ത ജീവനക്കാർക്ക് പകരം നിയോഗിച്ച ജീവനക്കാരെ **04-12-2017- ന് രാവിലെ 10- മണിയ്ക്ക്** സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സെൻട്രൽ സർവെ ഓഫീസ്, തിരുവനന്തപുരം/ സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ മുമ്പാകെ ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ചെയിൻ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

കക്ഷികൾക്ക് (ജില്ലാ കളക്ടർ മുഖാന്തിരം)

പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
3. അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ
4. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
5. ഐ.ടി. സെൽ
6. കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്.